**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379** | **19-03-2025 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിൽ സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും നടത്താൻ സ്ഥിരം സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുതലപ്പൊഴി അഴിമുഖത്ത് ഉണ്ടായ അപകടങ്ങളിൽപെട്ട് 73-ഓളം പേരുടെ ജീവനുകൾ പൊലിഞ്ഞ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് ഉണ്ടായ അപകടങ്ങളിൽപ്പെട്ട് 31 പേരുടെയും ഉൾക്കടലിലും സമീപ പ്രദേശങ്ങളിലുമായി 42 പേരുടെയും ജീവനുകൾ പൊലിഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം ഗുരുതര സാഹചര്യത്തിലും സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് നൽകിയ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകട രഹിതമാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷൻ (CWPRS) -നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം മുതലപ്പൊഴി ഹാർബറിലെ പുലിമുട്ടിന്റെ നീളം 425 മീറ്റർ കൂടി വർധിപ്പിക്കുന്ന പക്ഷം തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിയുന്ന മണ്ണ് ചാനലിൽ പ്രവേശിക്കുകയില്ലായെന്ന് കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പക്ഷം ചാനലിൽ ആഴം ഉറപ്പാക്കുന്നതിനായി സാന്റ് ബൈപാസിങ്ങ് അല്ലെങ്കിൽ ഡ്രഡ്ജിംഗിന്റെ സ്ഥിരം സംവിധാനം വേണ്ടി വരില്ല.<br><br>മേൽപ്പറഞ്ഞ പഠനം നടത്തുന്നതിന് മുമ്പ് നടത്തിയ പഠനത്തിലാണ് സാൻഡ് ബൈപാസിങ്ങ് സംവിധാനം ശിപാർശ ചെയ്തിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സാന്റ് ബൈപാസിങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് 11 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 09/08/2023– ന് സ്ഥലം നേരി സന്ദർശിക്കുകയും ഇതിനകം ലഭിച്ച CWPRS -ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയാൽ മതിയെന്ന് അഭിപ്രായപ്പെട്ടുകയും ചെയ്തിരുന്നു.<br><br>CWPRS സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും, മറ്റു അടിസ്ഥാന സൗകര്യ വികസനത്തിനും, കേന്ദ്ര സർക്കാർ നിഷ്കർഷിച്ചത് പ്രകാരമുള്ള Green and Blue port ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിയും 177 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. പദ്ധതിക്ക് 01/11/2024 -ന് കേന്ദ്ര സർക്കാരിന്റെയും 22/11/2024 ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്.പദ്ധതിയിൽ ഉൾപ്പെട്ട താഴമ്പള്ളി ഭാഗത്തെ ടോയിലെറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ദർഘാസ് ഇതിനകം ക്ഷണിച്ച് കഴിഞ്ഞു. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ട് എത്രയും വേഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. ഒന്നര വർഷം കൊണ്ട് പുലിമുട്ടിന്റെ നീളം 425 മീറ്ററായി വർദ്ധിക്കുന്നതോട് കൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) | മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും സ്ഥിരമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകട രഹിതമാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷൻ (CWPRS) -നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം മുതലപ്പൊഴി ഹാർബറിലെ പുലിമുട്ടിന്റെ നീളം 425 മീറ്റർ കൂടി വർധിപ്പിക്കുന്ന പക്ഷം തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിയുന്ന മണ്ണ് ചാനലിൽ പ്രവേശിക്കുകയില്ലായെന്ന് കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പക്ഷം ചാനലിൽ ആഴം ഉറപ്പാക്കുന്നതിനായി സാന്റ് ബൈപാസിങ്ങ് അല്ലെങ്കിൽ ഡ്രഡ്ജിംഗിന്റെ സ്ഥിരം സംവിധാനം വേണ്ടി വരില്ല.<br><br>മേൽപ്പറഞ്ഞ പഠനം നടത്തുന്നതിന് മുമ്പ് നടത്തിയ പഠനത്തിലാണ് സാൻഡ് ബൈപാസിങ്ങ് സംവിധാനം ശിപാർശ ചെയ്തിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സാന്റ് ബൈപാസിങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് 11 കോടി രൂപയുടെ പ്രോജക്ട് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ 09/08/2023– ന് സ്ഥലം നേരി സന്ദർശിക്കുകയും ഇതിനകം ലഭിച്ച CWPRS -ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.<br><br>CWPRS സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും, മറ്റു അടിസ്ഥാന സൗകര്യ വികസനത്തിനും, കേന്ദ്ര സർക്കാർ നിഷ്കർഷിച്ചത് പ്രകാരമുള്ള Green and Blue port ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിയും 177 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. പദ്ധതിക്ക് 01/11/2024 -ന് കേന്ദ്ര സർക്കാരിന്റെയും 22/11/2024 ന് സംസ്ഥാന സർക്കാരിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്.പദ്ധതിയിൽ ഉൾപ്പെട്ട താഴമ്പള്ളി ഭാഗത്തെ ടോയിലെറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികളുടെ ദർഘാസ് ഇതിനകം ക്ഷണിച്ച് കഴിഞ്ഞു. ദർഘാസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ട് എത്രയും വേഗത്തിൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. ഒന്നര വർഷം കൊണ്ട് പുലിമുട്ടിന്റെ നീളം 425 മീറ്ററായി വർദ്ധിക്കുന്നതോട് കൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്ത് അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ